# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാണിമേൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P4/1946/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 04/12/2024
ഇ-മെയിൽ:
dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
വാണിമേൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P4/1946/24 തീയ്യതി: 04/12/2024

## കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-09-2023 മുതൽ 05-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. നന്ദന എസ്. പിള്ളൈ.കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 05-11-2024 | 13-11-2024 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-11-2024 | 13-11-2024 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി രബിത.ടി.പി, ഓഡിറ്റ് ഓഫീസർ

ശ്രീമതി ദിശ.ആർ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ വൈശാഖ്.എ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുരയ്യ ടീച്ചർ പി | ചെയർപേഴ്സൺ | 01-04-2023 | 31-03-2024 |
| ശ്രീ. സജീവൻ എം.സി | സെക്രട്ടറി | 01-04-2023 | 08-05-2023 |
| ശ്രീ .ഇബ്രാഹിം.കെ.സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-05-2023 | 11-07-2023 |
| ശ്രീ .വിനോദൻ.കെ.കെ | സെക്രട്ടറി | 12-07-2023 | 31-03-2024 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സജീവൻ മാസ്റ്റർ | ഹെഡ്മാസ്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീമതി.രമ.കെ.എൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ദിൽദേവ്.ആർ.എസ് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| സുനിഷ.ഇ.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ.അനന്തു ചന്ദ്രഗിരിധരി | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ.ജെബിമോൻ | മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്.സി | 01-04-2023 | 18-08-2023 |
| ഡോ സഫർ ഇക് ബാൽ .പി.പി | മെഡിക്കൽ ഓഫീസർ ,എഫ് .എച്ച്.സി | 19-08-2023 | 31-03-2024 |
| ശ്രീമതി രേവതി.സി.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി | വി.ഇ.ഒ , വാണിമേൽ | 01-04-2023 | 05-09-2023 |

| | | | |
|---|---|---|---|
| .മഞ്ജുഷ.സി.കെ | സർക്കിൾ | | |
| ശ്രീ.സിദ്ദിഖ് എം.വി | വി.ഇ.ഒ , വാണിമേൽ സർക്കിൾ(അധിക ചുമതല) | 06-09-2023 | 17-12-2023 |
| ശ്രീ മധുസൂദനൻ.പി | വി.ഇ.ഒ , വാണിമേൽ സർക്കിൾ | 18-12-2023 | 31-03-2024 |
| ശ്രീ.ഇബ്രാഹിം കെ.സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 17-08-2023 |
| ശ്രീ.ശ്രീജേഷ് വി.കെ | അസിസ്റ്റന്റ് സെക്രട്ടറി(ഇൻ-ചാർജ്ജ്) | 17-08-2023 | 12-09-2023 |
| ശ്രീമതി സിന്ധു ചാലിൽ | അസിസ്റ്റന്റ് സെക്രട്ടറി(ഇൻ-ചാർജ്ജ്) | 13-09-2023 | 08-01-2024 |
| ശ്രീ സന്തോഷ് കുമാർ പി | അസിസ്റ്റന്റ് സെക്രട്ടറി(ഇൻ-ചാർജ്ജ്) | 08-01-2024 | 31-03-2024 |
| ഡോ.ഷെറിൻ.ടി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 04-05-2023 |
| ഡോ.ഷൈനി പി.സി | മെഡിക്കൽ ഓഫീസർ (ഹോമിയോ) അധിക ചുമതല | 05-05-2023 | 17-05-2023 |
| ഡോ.ഷെറിൻ.ടി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 18-05-2023 | 25-06-2023 |
| ഡോ.ജ്യോത്സന ബാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ)മെഡിക്കൽ ഓഫീസർ (ഹോമിയോ)അധിക ചുമതല | 26-06-2023 | 07-07-2023 |
| ഡോ.രാജി എൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 08-07-2023 | 02-09-2023 |
| ഡോ.ജ്യോത്സന ബാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) അധിക ചുമതല | 03-09-2023 | 05-09-2023 |
| ഡോ.ഷഫീന മുഹമ്മദ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 06-09-2023 | 29-02-2024 |
| ഡോ.സുരഭി.ബി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-03-2024 | 31-03-2024 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ പത്രികയിൽ പൊരുത്തക്കേട് | 1-1-1 |
| 3 | കാലാവധി കഴിഞ്ഞ Stale Cheque കൾ വരവാക്കി മാറ്റിയിട്ടില്ല . | 1-1-2 |
| 4 | പാർട്ട്ബിൽ ആയി നൽകുിയ തുകകൾ തുക 'ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്' എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല | 1-1-3 |
| 5 | വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | വാർഷിക കണക്കുകളിലെ തുകകളും ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തമായി രേഖപ്പെടുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല . | 1-1-5 |
| 7 | എല്ലാ ബാങ്ക് അക്കൗണ്ടുകളും ധനകാര്യപത്രികയിൽ ഉൾപ്പെട്ടില്ല. | 1-1-6 |
| 8 | "Directly Debited By Bank" ആയി ചേർത്ത തുകയുടെ വിശദാംശം ലഭ്യമല്ല | 1-1-7 |
| 9 | നിർവ്വഹണ ഏജൻസികൾക്ക് തുക നൽകുന്നത് വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല | 1-1-8 |
| 10 | ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-9 |
| 11 | സ്ഥാപനം സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തുന്നില്ല . | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 17 | ഒരാളുടെ പേരിൽ ഒന്നിലധികം പാർപ്പിടകെട്ടിടങ്ങൾ - ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ പഞ്ചായത്തിന് നികുതി നഷ്ടം | 1-7 |
| 18 | കൊമേഴ്സ്യൽ കെട്ടിടത്തിന് നമ്പർ അനുവദിച്ച ശേഷം പാർക്കിംഗ്, ശുചീകരണ സൗകര്യങ്ങളിൽ മാറ്റങ്ങൾ വരുത്തി | 1-8 |

| | | |
|---|---|---|
| 19 | 2023-24 വർഷം നികുതി അസ്സസ്സ് ചെയ്ത കെട്ടിടങ്ങൾക്ക് പുതിയ നിരക്കുകൾ ബാധകമാക്കിയില്ല - പഞ്ചായത്തിന് നികുതി നഷ്ടം | 1-9 |
| 20 | തൊഴിൽ നികുതി -അപാകതകൾ | 1-10 |
| 21 | ഭരണസമിതി മിനുട്ട് പൂർത്തീകരിക്കുന്നതിൽ കാലതാമസം | 1-11 |
| 22 | പട്ടിക വർഗ്ഗ വിഭാഗം പദ്ധതികൾ യഥാസമയം നടപ്പാക്കിയില്ല – കോർപ്പസ് ഫണ്ട് 24.58 ലക്ഷം രൂപ തിരിച്ചടച്ചു | 1-12 |
| 23 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് എ.എം.സി - നിരക്ക് നിശ്ചയിച്ചതിൽ അവ്യക്തത – എ.എം.സി രജിസ്റ്റർ പൂർണ്ണമല്ല | 1-13 |
| 24 | അങ്കണവാടികൾക്ക് ഫർണ്ണിച്ചർ -സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഇ.എം.ഡി , സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയിൽ ഇളവ് അനുവദിച്ചു . | 1-14 |
| 25 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി - സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചില്ല . | 1-15 |
| 26 | വീട് പുനരുദ്ധാരണം - പ്രവൃത്തി പൂർത്തീകരിച്ചില്ല. | 1-16 |
| 27 | ഭവനനിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് | 1-17 |
| 28 | 'വിശപ്പുരഹിത കേരളം -ജനകീയ ഹോട്ടൽ' -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-18 |
| 29 | കുടിവെള്ളപദ്ധതികൾ സമഗ്രമായി തയ്യാറാക്കുന്നില്ല | 1-19 |
| 30 | പൊതുമരാമത്ത് പ്രവൃത്തികളുടെ ചെലവ് സംബന്ധിച്ച് | 1-20 |
| 31 | ഹോമിയോ മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-21 |
| 32 | പദ്ധതികൾ സമഗ്രമായി തയ്യാറാക്കുന്നില്ല | 1-22 |
| 33 | ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ അക്കൗണ്ടുകൾ ഓഡിറ്റിന് സമർപ്പിച്ചില്ല. | 1-23 |
| 34 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേന പ്രവർത്തനാവലോകനം | 1-24 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 14.05.2024 തീയതിയിലെ 01/24 നം തീരുമാനം പ്രകാരം അംഗീകരിച്ച് 15.05.24 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ , അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു .

കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടർ
04-12-2024

## 1-1-1 ക്യാഷ് ഫ്ലോ പത്രികയിൽ പൊരുത്തക്കേട്

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (6,56,393/-) പത്രികയിൽ

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (94,01,473/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-2 കാലാവധി കഴിഞ്ഞ Stale Cheque കൾ വരവാക്കി മാറ്റിയിട്ടില്ല .

ബാധ്യതാ ശീർഷകത്തിൽ B9 ഷെഡ്യൂളിൽ "Liability In Respect Of Stale Cheque " എന്ന ശീർഷകത്തിൽ അവശേഷിക്കുന്ന 88,583 /-രൂപയിൽ കാലഹരണപ്പെട്ട തുക വരവാക്കി മാറ്റിയില്ല.

### 1-1-3 പാർട്ട്ബിൽ ആയി നൽകിയ തുകകൾ തുക 'ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്' എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

തൻവർഷം പാർട്ട്ബിൽ ആയി നൽകിയ തുകകൾ തുക 'ക്യാപ്പിറ്റൽ വർക്ക്-ഇൻ-പ്രോഗ്രസ്സ് ' എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ട് | ചെലവ് തുക |
|---|---|---|
| 166 | കന്നുകുളം വായനശാല-അറ്റകുറ്റപ്പണി | 80,000 |
| 177 | എടത്തും കുണ്ട് വാട്ടർടാങ്ക് | 1,26,843 |

### 1-1-4 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ സംക്ഷിപ്തം രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ സ്റ്റോർസ് നീക്കിയിരിപ്പിന്റെ കൃത്യത ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല.

### 1-1-5 വാർഷിക കണക്കുകളിലെ തുകകളും ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തമായി രേഖപ്പെടുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല .

ഡെപ്പോസിറ്റ് രജിസ്റ്ററിൽ "Other Deposits"എന്ന ഹെഡിൽ വാർഷിക കണക്ക് പ്രകാരം 788/-രൂപയുടെ നീക്കിയിരിപ്പുണ്ട്. എന്നാൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം പ്രസ്തുത നീക്കിയിരിപ്പ് 53/- രൂപയാണ് .

### 1-1-6 എല്ലാ ബാങ്ക് അക്കൗണ്ടുകളും ധനകാര്യപത്രികയിൽ ഉൾപ്പെട്ടില്ല.

ഗ്രാമപഞ്ചായത്ത് ആരംഭിച്ചിട്ടുള്ളതും, ക്ലോസ് ചെയ്യാത്തതുമായ മുഴുവൻ ബാങ്ക് അക്കൗണ്ടുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ KGB വാണിമേലിൽ ശുചിത്വമിഷൻ ഫണ്ടുകൾക്ക് വേണ്ടി 6.5.21 ന് ആരംഭിച്ച അക്കൗണ്ടിൽ (അക്കൗണ്ട് നം 40227101088759) 31.3.24 ന് 1,302/- രൂപയുടെ നീക്കിയിരിപ്പ് ഉണ്ടെങ്കിലും ആയത് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല .

(ഈ അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ നടത്തി പഞ്ചായത്ത് സൂക്ഷിച്ച വരുന്നുണ്ട്).

### 1-1-7 "Directly Debited By Bank" ആയി ചേർത്ത തുകയുടെ വിശദാംശം ലഭ്യമല്ല

KGB സാക്ഷരത 5203 അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ വിശദാംശത്തിൽ 29.02.2024 ന് "Directly Debited By Bank" ആയി പാസ്ബുക്കിൽ നിന്നും Debit ചെയ്ത 4,862/- രൂപയുടെ വിശദാംശം ലഭ്യമല്ല.

1-1-8 നിർവ്വഹണ ഏജൻസികൾക്ക് തുക നൽകുന്നത് വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല

വിവിധ കുടിവെള്ള പദ്ധതികളുടെ ഫീസിബിലിറ്റിക്കു വേണ്ടി ഭൂജലവകുപ്പിൽ സെക്രട്ടറി Deposit ചെയ്ത 9675/- രൂപ Advance To Implementing Agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫീസിബിലിറ്റി റിപ്പോർട്ട് ലഭ്യമായതിനു ശേഷം അവ അതാത് ശീർഷകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

1-1-9 ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

സ്ഥാപനത്തിന് മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ഗ്രാന്റ് ആയി നൽകിയ തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

I.സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് ഫണ്ടിന്റെ ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല . വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് (Tied) | 63,58,758 | 29,29,000 | 92,87,758 | 34,67,390 | 58,20,368 |
| പ്രസ്തുത ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിൽ B3 ഷെഡ്യൂളിൽ ടൈഡ് ഫണ്ടിന് തൻവർഷം വരെയുള്ള ആകെ ചെലവായി ഉൾപ്പെടുത്തിയത് 40,92,388/-രൂപയാണ്. അതിൽ മുൻവർഷം വരെയുള്ള ചെലവ് തുക 20,15,378/- രൂപ കഴിച്ചാൽ തൻവർഷത്തെ ചെലവായി രേഖപ്പെടുത്തിയത് 20,77,010/- രൂപയാണ്. എന്നാൽ ACR പ്രകാരവും ചെലവു പത്രിക പ്രകാരവും ഉള്ള ചെലവ് 34,67,390/- രൂപയാണ് . | | | | | |

Ii.I.സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺ-ടൈഡ് ഫണ്ടിന്റെ ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല .

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സെൻട്രൽ | 35,71,496 | 42,09,556 | 77,81,052 | 14,94,223 | 62,86,829 |

| | | | | | |
|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺ- ടൈഡ് Interest 3,04,556/- ഉൾപ്പെടെ | | | | | |

പ്രസ്തുത ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിൽ B3 ഷെഡ്യൂളിൽ അൺടൈഡ് ഫണ്ടിന് തൻവർഷം വരെയുള്ള ആകെ ചെലവായി ഉൾപ്പെടുത്തിയത് 60,71,577/-രൂപയാണ്. അതിൽ മുൻവർഷം വരെയുള്ള ചെലവ് തുക 41,00,358/-രൂപ കഴിച്ചാൽ തൻവർഷത്തെ ചെലവായി രേഖപ്പെടുത്തിയ 19,71,219 -രൂപയും I6 ഷെഡ്യൂളിലെ ചെലവു തുകയായി രേഖപ്പെടുത്തിയ 9,13,401/- രൂപയും ഉൾപ്പടെ ആകെ ചെലവ് 28,84,620/- രൂപയാണ്. എന്നാൽ യഥാർത്ഥ ചെലവ് 14,94,223/- രൂപയാണ് .

1-1-10 സ്ഥാപനം സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തുന്നില്ല .

സ്ഥാപനം സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുന്നില്ല. പഞ്ചായത്ത് ഭരണസമിതിയുടെ മിനുട്സ് പരിശോധിച്ചതിൽ, 26/07/2023 ലെ 9-ാം നമ്പർ അജണ്ടയായി ഒന്നാം വാർഡിലെ ചേലയിൽ മീത്തൽ റോഡിന്റെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുക എന്നത് 1-ാം നമ്പർ തീരുമാനമായി അംഗീകരിച്ചിട്ടുണ്ട്. ആയത് ബാലൻസ് ഷീറ്റിൽ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-2 ബജറ്റ്

22.01.2024 ൽ ചേർന്ന ഭരണസമിതിയുടെ 6(1)/24 നമ്പർ തീരുമാനപ്രകാരം സ്ഥാപനത്തിന്റെ 2023-24 വർഷത്തെ റിവൈസ്ഡ് ബജറ്റ് താഴെ പറയും പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | 1,23,33,174/- |
| വരവ് | 41,89,21,699/- |
| ആകെ വരവ് | 43,12,54,873/- |
| ചെലവ് | 42,12,92,961/- |
| നീക്കിയിരിപ്പ് | 99,61,912/- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,41,95,433 |
| വരവ് | 5,87,36,524 |
| ആകെ | 8,29,31,957 |
| ചെലവ് | 4,93,35,051 |
| നീക്കിയിരിപ്പ് | 3,35,96,906 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | | -- | 2,35,86,000 | 2,35,86,000 | 1,87,92,348 | 47,93,652 |
| വികസനഫണ്ട് – ജനറൽ ഉപയോഗിച്ച് സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം B3-Reserves എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല . | | | | | | |
| വികസന ഫണ്ട്- എസ്.സി.പി | | 0 | 3,78,000 | 3,78,000 | 3,78,000 | 0 |
| വികസന ഫണ്ട്- ടി.എസ്.പി | | 0 | 27,06,000 | 27,06,000 | 24,22,400 | 2,83,600 |
| മെയിന്റനൻസ്, റോഡ് | | 0 | 1,83,18,650 | 1,83,18,650 | 23,26,854 | 1,59,91,796 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 29,93,400 | 29,93,400 | 29,74,234 | 19,166 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് (Tied) | PFMS | 63,58,758 | 29,29,000 | 92,87,758 | 34,67,390 | 58,20,368 |
| സെൻട്രൽ | PFMS | 35,71,496 | 42,09,556 | 77,81,052 | 14,94,223 | 62,86,829 |

| | | | | | | |
|---|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ-ടൈഡ്(Untied) Interest 3,04,556/- ഉൾപ്പെടെ | | | | | | |

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ടിൽ ചെലവായി ഉൾപ്പെടുത്തേണ്ട ചുവടെ ചേർത്ത തുകകൾ അൺ ടൈഡ് ഫണ്ടിൽ ചെലവായി ഉൾപ്പെടുത്തി .

| ബിൽ നമ്പർ | പ്രോജക്ട് നമ്പർ | തുക |
|---|---|---|
| 1653 | 184 | 6,99,900 |
| 1718 | 41 | 92,475 |
| 1717 | 41 | 5,98,005 |
| | | 13,90,380 |

എന്നാൽ വാർഷിക കണക്കിലെ B4 ഷെഡ്യൂളിൽ CFC (Untied) ഫണ്ടിന്റെ നീക്കിയിരിപ്പായി അവശേഷിക്കുന്നത് 48,96,438/- രൂപയാണ് .

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | നടപ്പിലാക്കിയവ (എണ്ണം) | ഭാഗികമായി നടപ്പിലാക്കിയവ (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 222 | 14,16,95,812/- | 5,65,57,446/- | 117 | 0 | 105 | 52 |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.11.2024 ന് ഉച്ചക്ക് 2.55 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,913/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ഒരാളുടെ പേരിൽ ഒന്നിലധികം പാർപ്പിടകെട്ടിടങ്ങൾ - ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ പഞ്ചായത്തിന് നികുതി നഷ്ടം

പഞ്ചായത്തിലെ വസ്തുനികുതി ന്യൂ ബിൽഡിംഗ് രജിസ്റ്റർ പരിശോധിച്ചതിൽ, ഒരാളുടെ പേരിലുള്ള ഒന്നിലധികം പാർപ്പിട കെട്ടിടങ്ങളെ 'സ്വന്തം താമസത്തിനുപയോഗിക്കുന്ന പാർപ്പിടങ്ങൾ' എന്ന ഗണത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 4/- രൂപ [2023-24 നികുതി പരിഷ്കരണ പ്രകാരം അടിസ്ഥാന നികുതി 6/- രൂപയായി പരിഷ്കരിക്കേണ്ടതായിരുന്നു. എന്നാൽ നാളിതുവരെ സഞ്ചയയിൽ

നികുതി ഇപ്രകാരം പരിഷ്കരിച്ചിട്ടില്ല (ഖണ്ഡിക 1-9 കാണുക)] നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത് എന്ന് കാണുന്നു. ഉടമസ്ഥൻ വാടകയ്ക്ക് നൽകുവാനുപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ എന്ന് കണക്കാക്കി ചതുരശ്ര മീറ്ററിന് 50/- രൂപ എന്ന നിരക്കിൽ നികുതി നിർണ്ണയിക്കാത്തതിനാൽ വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഉദാഹരണം ചുവടെ നൽകുന്നു.

| വാർഡ്/ ഡോർ നമ്പർ | വിസ്തീർണ്ണം (ച.മീ.) | ഉടമസ്ഥന്റെ പേര് | നിലവിൽ കാണിച്ച ഉപയോഗക്രമം/ നിർണ്ണയിച്ച നികുതി നിരക്ക് | യഥാർത്ഥത്തിൽ കാണിക്കേണ്ട ഉപയോഗക്രമം/ നിർണ്ണയിക്കേണ്ട നികുതി നിരക്ക് |
|---|---|---|---|---|
| 11/109 H | 27 | മൊയ്തുട്ടി | പാർപ്പിടാവശ്യം/ 4/-രൂപ | ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ 300 ചതുരശ്ര മീറ്റർ വരെയുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 50/- രൂപ |
| 11/109 I | 22.56 | | | |
| 11/109 J | 22.55 | | | |
| 11/109K | 22.6 | | | |
| 11/109L | 23.72 | | | |

മേൽ കെട്ടിടങ്ങൾക്കും പഞ്ചായത്തിലെ സമാനമായ മറ്റ് കെട്ടിടങ്ങൾക്കും പട്ടികയിൽ നിർദ്ദേശിച്ച നിരക്കിൽ നികുതി ഈടാക്കാത്തതിന് കാരണം വിശദീകരിക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം :10/2023-24 , തിയ്യതി: 12.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ചവയുടേയും ഇത്തരത്തിൽ തെറ്റായി ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ച സമാനമായ കെട്ടിടങ്ങളുടെയും നികുതി പുനർ നിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-8 കൊമേഴ്സ്യൽ കെട്ടിടത്തിന് നമ്പർ അനുവദിച്ച ശേഷം പാർക്കിംഗ്, ശുചീകരണ സൗകര്യങ്ങളിൽ മാറ്റങ്ങൾ വരുത്തി

വാണിജ്യ കെട്ടിടത്തിന് ഒക്യുപ്പൻസിയും കെട്ടിട നമ്പറും വാങ്ങിയ ശേഷം കെട്ടിടത്തിൽ ഉടമസ്ഥർ ചട്ടവിരുദ്ധമായി മാറ്റങ്ങൾ വരുത്തുന്നതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | 14/34A-AW |
| കെട്ടിട ഉടമ | ആലി ഹസ്സൻ ഹാജി, മസൂദ്, ആലി കുട്ടി, ഷഹ്ന ഷബീറലി, റസിയ, ഫൈസൽ, സൂപ്പി, അബ്ദുള്ള, അന്ദു, മുഹമ്മദ് അലി, സാബിറ |
| റീ സർവേ നമ്പർ | 46/31,46/23,46/40,46/41 |
| വില്ലേജ് | വാണിമേൽ |

| | |
|---|---|
| വാർഡ് നമ്പർ | 14- കൊടിയൂറ |
| കെട്ടിടത്തിന്റെ ഉപയോഗക്രമം (സഞ്ചയ പ്രകാരം) | വാണിജ്യാവശ്യം- 500 ച.മീ മുകളിൽ |
| പെർമിറ്റ് നമ്പർ | SC2-BA(22185)23 തീ- 19/01/2023 |

ഫയൽ നം. 6826/2023 തീ-12.12.2023 പ്രകാരം മേൽ പട്ടിക പ്രകാരമുള്ള കൊമേഴ്സ്യൽ കെട്ടിടത്തിന് ഒക്യുപെൻസി അനുവദിച്ചിരുന്നു. പ്രസ്തുത കെട്ടിടം സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ 11.11.2024 ന് പരിശോധന നടത്തിയതിൽ, കംപ്ലീഷൻ പ്ലാനുകളിൽ കാണിച്ചതിൽ നിന്നും വ്യത്യസ്തമായി  താഴെ ചേർക്കുന്ന വ്യതിയാനങ്ങൾ കണ്ടെത്തി.

പാർക്കിംഗ് സൗകര്യം

2019 ലെ കേരള പഞ്ചായത്ത്‌രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 29, പട്ടിക 10 പ്രകാരം, 90 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് 1200 ചതുരശ്ര മീറ്റർ വരെ തറ വിസ്തൃതിക്ക് 90 ചതുരശ്ര മീറ്റർ എന്ന നിരക്കിലും, 1200 ചതുരശ്ര മീറ്ററിൽ കൂടുതലുള്ള അധിക തറ വിസ്തീർണ്ണത്തിന് 60 ചതുരശ്ര മീറ്റർ എന്ന നിരക്കിലും പാർക്കിംഗ് ഒരുക്കേണ്ടതാണ്. അതായത് 1401.61 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് 16 കാർ പാർക്കിംഗ് 2.7m X 5.5m അളവിലും 1 ഡിഫ്രന്റ്ലി ഏബിൾഡ് കാർ പാർക്കിംഗ് 3.6mx5.5m അളവിലും സ്ഥലം ഒരുക്കേണ്ടതാണ്. ഇവ അംഗീകരിച്ച പാർക്കിംഗ്, സൈറ്റ് കംപ്ലീഷൻ പ്ലാനുകളിൽ കാണിച്ചിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധനയിൽ പാർക്കിംഗ് പ്ലാനിൽ മോട്ടോർ സൈക്കിൾ പാർക്കിംഗ് ആയി രേഖപ്പെടുത്തിയ സ്ഥലങ്ങളിൽ അനധികൃതമായി നിർമ്മാണം നടത്തിയിരിക്കുന്നതായി കണ്ടു. കംപ്ലീഷൻ പ്ലാനിൽ പാർക്കിങ്ങിനായി കാണിച്ചിട്ടുള്ള റാമ്പ് പൊളിച്ചു മാറ്റിയിട്ടുണ്ട്. റാമ്പ് ഇല്ലാത്തതിനാൽ നിലവിൽ കംപ്ലീഷൻ പ്ലാനിൽ മോട്ടോർ സൈക്കിൾ പാർക്കിംഗ് കാണിച്ച ഇടത്തേക്ക് വണ്ടി കയറ്റാൻ സാധിക്കില്ല.

ശുചീകരണ സൗകര്യം

കെട്ടിടത്തിന് ബാധകമായ 2019 ലെ കേരള പഞ്ചായത്ത്‌രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34, പട്ടിക 13 പ്രകാരം ഓരോ 5.9 നിർമ്മിത വിസ്തീർണ്ണത്തിനും ഒരാൾ എന്ന തോതിൽ കുറയാതെ ഓരോ കെട്ടിടത്തിനും ശുചീകരണ സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്.

കംപ്ലീഷൻ പ്ലാൻ, സർവീസ് പ്ലാൻ എന്നിവ പ്രകാരം കെട്ടിടത്തിന്റെ ബ്ലോക്ക് 2 ൽ ഡിഫ്രന്റ്ലി ഏബിൾഡ് ടോയ്‌ലറ്റടക്കം 14 ടോയ്‌ലറ്റുകൾ കാണിച്ചിട്ടുണ്ട്. എന്നാൽ സൈറ്റ് പരിശോധിച്ചപ്പോൾ ടോയ്‌ലറ്റ് പൊളിച്ചു മാറ്റപ്പെട്ട നിലയിൽ ആണ്. നിലവിൽ കെട്ടിടത്തിൽ ടോയ്‌ലറ്റ് സൗകര്യങ്ങൾ ഇല്ല..

രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(1)ൽ നിഷ്കർഷിച്ചിട്ടുണ്ട്. പിന്നീട് രണ്ട് വർഷത്തിന് ശേഷം എപ്പോൾ വേണമെങ്കിലും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21(2) ലും വ്യക്തമാക്കിയിട്ടുണ്ട്. ഒക്യുപ്പൻസിയും കെട്ടിട നമ്പറും വാങ്ങിയ ശേഷം കെട്ടിടത്തിൽ ചട്ടവിരുദ്ധമായ മാറ്റം വരുത്തി ഉപയോഗിക്കുന്നത് നിയന്ത്രിക്കാൻ കഴിയാത്തത് പോസ്റ്റ് ഒക്യുപ്പൻസി കൃത്യമായ ഇടവേളകളിൽ നടത്താത്തതുകൊണ്ടാണ് എന്ന് വ്യക്തമാണ്. ഖണ്ഡികയിൽ നിർദ്ദേശിച്ച പ്രകാരം പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് എല്ലാ വാർഡുകളിലും കൃത്യമായ ഇടവേളകളിൽ നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-9 2023-24 വർഷം നികുതി അസ്സസ്സ് ചെയ്ത കെട്ടിടങ്ങൾക്ക് പുതിയ നിരക്കുകൾ

ബാധകമാക്കിയില്ല - പഞ്ചായത്തിന് നികുതി നഷ്ടം

05.04.2023 ലെ സ.ഉ(അച്ചടി).നം.25/2023/LSGD ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധി വിജ്ഞാപനം ചെയ്യുകയും 22.03.2023 ലെ സ.ഉ(സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. വസ്തു നികുതിയുടെ പരിഷ്കരിച്ച നിരക്കുകൾ ഭരണസമിതിയുടെ 19.05.2023 ലെ 3/1 നമ്പർ തീരുമാന പ്രകാരം പുതുക്കി നിശ്ചയിച്ച് 28.05.2023 ന് പത്രത്തിൽ കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും നിരക്കുകൾ 26.07.2023 ന് അന്തിമമാക്കി വിജ്ഞാപനം ചെയ്തിട്ടുമുണ്ട്. 2023 ഏപ്രിൽ 1 മുതൽ പുതുക്കിയ നിരക്ക് സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തിയ തീയതി വരെ ബിൽഡിംഗ് നമ്പർ അനുവദിച്ച പുതിയ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിൽ ഉള്ള ഡിമാൻഡ് കണക്കാക്കി നൽകിയിട്ടില്ല. ന്യൂ ബിൽഡിംഗ് രജിസ്റ്ററും സഞ്ചയ സോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ ക്രമ നമ്പർ 99 വരെ നമ്പർ നൽകിയ കെട്ടിടങ്ങൾക്ക് നികുതി പുതുക്കി നൽകാനുണ്ട്. നികുതി പുതുക്കി നിശ്ചയിക്കാത്തതിനാൽ 2024-2025 സാമ്പത്തിക വർഷവും വസ്തു നികുതി പഴയ നിരക്കിൽ കണക്കാക്കി ആണ് അടവാക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ നൽകുന്നു .

| വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | സഞ്ചയ പ്രകാരം നിലവിലെ നിരക്ക് | പുതുക്കിയ നിരക്ക് |
|---|---|---|---|
| 14/284 D | ഫൈസൽ , ഷമീന | 4 | 6 (300sq.M ന് താഴെ ) |
| 4/143A | ഇസ്മായിൽ | 4 | 12 (300sq.M ന് മുകളിൽ) |
| 11/367A | ലിനീഷ്, ജീദുകൃഷ്ണ | 4 | 12 (300sq.M ന് മുകളിൽ) |
| 11/489 C | ഹസ്സൻ | 40 | 60(വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ) |
| 9/213 D | അജേഷ് കുമാർ കെ | 40 | 50 (സ്വകാര്യാവശ്യത്തിനുള്ള ഓഫീസ് കെട്ടിടം) |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/2023-24 തിയ്യതി 07.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് എല്ലാ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്കിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-10 തൊഴിൽ നികുതി -അപാകതകൾ

FTE&OS ലൈസൻസ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല (സ്ഥാപനങ്ങളുടെ പേരുകൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല).

| ക്രമ നമ്പർ | ലൈസൻസ് എടുത്ത സ്ഥാപന ഉടമയുടെ പേര് | വാർഡ് | ബിൽഡിംഗ് നമ്പർ |
|---|---|---|---|
| 1 | സുബൈർ | 15 | 452,453,454 |
| 2 | ഋതുദേവ് | 9 | 346 |
| 3 | ഷാഹിന | 15 | 25,26 |

| | | | |
|---|---|---|---|
| 4 | മുഹമ്മദ് റഷാദ് | 3 | 497-513 |
| 5 | അനശ്രീ | 3 | 466 A,B,C |
| 6 | അഖില | 4 | 497 |
| 7 | ആശിഖ് | 15 | 41C,D |

തൊഴിൽനികുതി ഒടുക്കാത്തതിന്റെ കാരണം ഓഡിറ്റ് എൻക്വയറി (18-2023/2024) മുഖേന ആവശ്യപ്പെട്ടതിനു മറുപടി ലഭ്യമാക്കിയതിൽ ജീവനക്കാരുടെ തൊഴിൽനികുതിയാണോ സ്ഥാപന തൊഴിൽനികുതി ആണോ എന്ന് വ്യക്തമല്ല. മേൽ പട്ടിക പ്രകാരമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പഞ്ചായത്തിൽ അടവാക്കിയതായി അറിയിച്ചിട്ടുണ്ടെങ്കിലും അടവാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് (204), 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം(4) എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകുന്നതാണ്. ആയതിനാൽ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 എഫ് പ്രകാരം യഥാവിധി നോട്ടീസ് നൽകി സ്ഥാപന മേധാവിയോട് എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തി നോട്ടീസിലെ പട്ടികക്കനുസൃതമായി നികുതി അടവാക്കുവാൻ ആവശ്യപ്പെടേണ്ടതും നികുതി പിരിവ് കൃത്യമാണെന്ന് തുടർ വർഷങ്ങളിൽ ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-11 ഭരണസമിതി മിനുട്സ് പൂർത്തീകരിക്കുന്നതിൽ കാലതാമസം

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് യോഗങ്ങളുടെ തീരുമാന രജിസ്റ്റർ 24 മണിക്കൂറിനുള്ളിലും മിനുട്സ് 3 ദിവസത്തിനുള്ളിലും പ്രസിഡന്റ് അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതാണ്. മീറ്റിംഗ് നോട്ടീസ് ബുക്ക് , മീറ്റിംഗ് അറ്റൻഡൻസ് രജിസ്റ്റർ, തീരുമാന രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2024 ൽ ഓഡിറ്റ് തിയ്യതി വരെ 19 യോഗങ്ങൾ നടന്നിട്ടുള്ളതിൽ 16 യോഗങ്ങളുടെ മിനുട്സ് ആണ് പൂർത്തീകരിച്ചത് എന്ന് കാണുന്നു. 2024 സെപ്റ്റംബർ 12, ഒക്ടോബർ 28 എന്നീ തിയ്യതികളിൽ നടന്ന സാധാരണ യോഗങ്ങളുടെ മിനുട്സ് പൂർത്തീകരിക്കാൻ ഇനിയും അവശേഷിക്കുന്നുണ്ട്. തീരുമാന രജിസ്റ്ററിലും ഇതേ തിയ്യതികളിലെ യോഗതീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/12.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. മിനുട്സ് പൂർത്തീകരിക്കാത്തതിനുള്ള കാരണം വിശദീകരിക്കേണ്ടതും പൂർത്തിയാക്കി അറിയിക്കേണ്ടതുമാണ് .

## 1-12 പട്ടിക വർഗ്ഗ വിഭാഗം പദ്ധതികൾ യഥാസമയം നടപ്പാക്കിയില്ല – കോർപ്പസ് ഫണ്ട് 24.58 ലക്ഷം രൂപ തിരിച്ചടച്ചു

ഫയൽ നമ്പർ - 3820/23

തുക - 24,58,416/-(പട്ടിക വർഗ്ഗ കോർപ്പസ് ഫണ്ട്)

വൗച്ചർ നമ്പർ - 22300271/03.08.23

കോഴിക്കോട് ജില്ലയിലെ പട്ടികജാതി, പട്ടികവർഗ്ഗ വികസന മേഖലയുമായി ബന്ധപ്പെട്ട് 13.06.23 തീയതിയിൽ നടന്ന പട്ടികവർഗ്ഗ വികസന ഓഫീസർ ഉൾപ്പെടുന്ന ജില്ലാതല വർക്കിങ് ഗ്രൂപ്പ് യോഗത്തിൽ, വാണിമേൽ ഗ്രാമപഞ്ചായത്തിലെ കുണ്ടിൽ വളപ്പിൽ കുടിവെള്ള പദ്ധതിയ്ക്കായി 2018-19 വർഷത്തിൽ അംഗീകാരം നൽകി തുക അനുവദിച്ച പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തി ഒഴിവാക്കി ഈ പ്രവൃത്തിയ്ക്കായി ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുക പട്ടികവർഗ്ഗ വികസന വകുപ്പിന് തിരിച്ചടയ്ക്കുന്നതിന് നിർദ്ദേശിക്കുകയും, ആയത് അനുസരിച്ച് ഈ പദ്ധതിയ്ക്ക് ലഭിച്ച 20,20,000/- രൂപ ഉൾപ്പെടെ 24,58,416/- രൂപ പട്ടികവർഗ്ഗ വികസന വകുപ്പിലേയ്ക്ക് തിരിച്ചടയ്ക്കുകയും

ചെയ്തിട്ടുണ്ട് [തിരിച്ചടച്ച 24,58,416/- രൂപയിൽ പയനം കൂട്ടത്തിൽ പൊതുകിണർ നിർമ്മാണം (3,76,000), ക്കുറ്റല്ലൂർ കോളനി കുടിവെള്ള പദ്ധതി (62,416) എന്നിവയുള്ള തുകകളും ഉൾപ്പെടുന്നു] .

ഭരണസമിതിയുടെ 17.06.23 ലെ മീറ്റിങ്ങ് അജണ്ട 5 പ്രകാരം, പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പൂർത്തീകരിച്ച് വരുന്നുണ്ടെന്നുള്ള വിവരങ്ങൾ സെക്രട്ടറി അവലോകന യോഗത്തിൽ റിപ്പോർട്ട് നൽകിയെങ്കിലും തുക തിരിച്ചടവാക്കി പദ്ധതിക്കായി തയ്യാറാക്കിക്കൊണ്ടിരിക്കുന്ന എസ്റ്റിമേറ്റ് പുതിയ പ്രൊപ്പോസൽ ആയി സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചതിനാൽ അപ്രകാരം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ഇതിനായി തുക ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാനും, യഥാസമയം പ്രവൃത്തി നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയതിനെ തുടർന്ന് 2018-19 വർഷം ലഭിച്ച തുക തിരികെ അടവാക്കിയതിന് വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 20/23-24 തീയതി 07.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചതിന്റെയും തുക ലഭിച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. സമൂഹത്തിൽ ഏറിയ പരിഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി ലഭിക്കുന്ന ഇത്തരം ഫണ്ടുകൾ അതാത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലെ കാലതാമസം കൊണ്ട് നഷ്ടപ്പെടുത്തുന്നത് അംഗീകരിക്കാവുന്നതല്ല. മാത്രമല്ല ഗ്രാമപഞ്ചായത്തിലെ വിവിധ പട്ടിക വർഗ്ഗ കോളനികളുടെ വിവിധ വർഷങ്ങളിലെ ഊരുകൂട്ട മിനുട്ട്സ് പരിശോധിച്ചതിൽ എല്ലാ മീറ്റിങ്ങുകളിലും ചർച്ചയാകുന്നത് കുടിവെള്ളം ലഭ്യമാക്കുന്നതിന്റെ ആവശ്യകതയാണ്. എന്നാൽ തുക തിരിച്ചടവാക്കുന്നത് സംബന്ധിച്ച് 2022-23, 2023-24, 2024-25 എന്നീ വർഷങ്ങളിലെ ഊരുകൂട്ട മീറ്റിങ്ങിൽ ചർച്ച ചെയ്തിട്ടില്ല എന്ന് കാണുന്നു. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണെന്നും അഭിപ്രായപ്പെടുന്നു.

## 1-13 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് എ.എം.സി - നിരക്ക് നിശ്ചയിച്ചതിൽ അവ്യക്തത – എ.എം.സി രജിസ്റ്റർ പൂർണ്ണമല്ല

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 29/24 |
| അടങ്കൽ തുക | 1,00,000(വികസന ഫണ്ട്, ജനറൽ) |
| ചെലവ് തുക | 50,003 (വികസന ഫണ്ട്, ജനറൽ) |
| ബിൽ സാങ്ഷൻ നമ്പർ, തീയതി | 151/20.11.23 |

13 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ, 4 ലാപ് ടോപ്പുകൾ, 7 പ്രിന്ററുകൾ എന്നിവയും ഓരോന്നു വീതം യു.പി.എസിനും സ്കാനറിനും വാർഷിക പരിപാലന കരാർ ഇനത്തിൽ തുക കൈമാറുന്നതാണ് പദ്ധതി. ഇതിനായി 50,003/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ഫയൽ പ്രകാരം എ.എം.സി. യ്ക്കായി ലഭിച്ച 3 ക്വട്ടേഷനുകളിൽ നിന്ന് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മാക്സിസ്, കല്ലായി റോഡ്, കോഴിക്കോട് എന്ന സ്ഥാപനത്തെ തിരെഞ്ഞടുത്തിട്ടുണ്ട്. എന്നാൽ അംഗീകരിച്ചതൊഴികെ ലഭിച്ച രണ്ട് ക്വട്ടേഷനുകളിലും ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾക്കുള്ള നിരക്കുകൾ മാത്രമാണ് സ്ഥാപനങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിന്നും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ തെരെഞ്ഞടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല. ക്വട്ടേഷൻ നോട്ടീസ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് ഏതിനൊക്കെയാണ് ക്വട്ടേഷൻ ക്ഷണിച്ചതെന്നും വ്യക്തമല്ല.

2. ഫയൽ പരിശോധിച്ചതിൽ, ക്വട്ടേഷൻ പ്രകാരം തുക നൽകിയത് 1,200/- രൂപ നിരക്കിൽ 13 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾക്കാണ്. എന്നാൽ എ.എം.സി രജിസ്റ്റർ പ്രകാരം 11 എണ്ണത്തിനാണ് എ.എം.സി ഉള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. ശേഷിക്കുന്നവ വാറന്റി പിരീഡിലുള്ളതും റിപ്പയർ ചെയ്യാവുന്നവയുമാണ്. കൂടാതെ പ്രിന്ററുകൾക്ക് ഒന്നിന് 1000/- രൂപ നിരക്കിൽ 7 എണ്ണത്തിന് 7000/- രൂപ നൽകിയിട്ടുണ്ടെങ്കിലും എ.എം.സി രജിസ്റ്റർ പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളത് 6 എണ്ണമാണ്. ഇതിൽ തന്നെ ഒരു പ്രിന്റർ സപ്ലൈ ചെയ്ത തീയതി, വാറന്റി പിരീഡ് എന്നിവ രേഖപ്പെടുത്തിയിട്ടുമില്ല.

3. കമ്പ്യൂട്ടർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ എ.എം.സി രജിസ്റ്റർ പരിശോധിച്ചതിൽ, പർച്ചേസ് ചെയ്യുന്ന ഉപകരണങ്ങൾ സംബന്ധിച്ച് ലഭിച്ച ഇൻവോയിസ് നമ്പർ, തീയതി, വാറന്റി കാലാവധി, വാറന്റി കാലാവധിയ്ക്ക് ശേഷം എ.എം.സി. വെച്ചത് തുടങ്ങിയ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല എന്ന് കാണുന്നു. രജിസ്റ്റർ പ്രകാരം ഉപയോഗശൂന്യമായതായി രേഖപ്പെടുത്തിയ ഉപകരണങ്ങൾ ഒന്നും ഇ-വേസ്റ്റിൽ ഉൾപ്പെടുത്തി തരംതിരിച്ച് സൂക്ഷിച്ചിട്ടുമില്ല. ഉദാഹരണത്തിന് രജിസ്റ്റർ പേജ് നമ്പർ 31, 32 എന്നിവയിൽ രേഖപ്പെടുത്തിയ സ്കാനറുകൾ, പേജ് 38, 39, 40 എന്നിവയിൽ രേഖപ്പെടുത്തിയ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ എന്നിവ സപ്ലൈ ചെയ്ത തീയതി, വാറന്റി കാലാവധി, തുടങ്ങിയ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അതുപോലെ പേജ് 27 ൽ രേഖപ്പെടുത്തിയ മൾട്ടി ഫങ്ഷൻ പ്രിന്ററിന് 29.06.25 വരെ വാറന്റി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 10.06.24 മുതൽ 09.06.25 വരെ എ.എം.സി. വെച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല മേൽ രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 19/13.11.24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ക്വട്ടേഷൻ നടപടികളുമായി ബന്ധപ്പെട്ട അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും എ.എം.സി രജിസ്റ്റർ കൃത്യത വരുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. അതുവരെ ചെലവ് തുക 50,003/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 അങ്കണവാടികൾക്ക് ഫർണ്ണിച്ചർ -സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഇ.എം.ഡി , സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയിൽ ഇളവ് അനുവദിച്ചു .

അങ്കണവാടികൾക്ക് ഫർണ്ണിച്ചർ വാങ്ങുന്നതിനായി 2022-23 ൽ ആരംഭിച്ചതാണ് പ്രോജക്ട്. ആർട്ട്കോയുടെ 24.03.2023 ലെ PKD 510 നമ്പർ ഇൻവോയിസ് പ്രകാരം 6,68,613/-രൂപയുടെ ഫർണ്ണിച്ചർ ലഭ്യമായിട്ടുണ്ട്. 2022-23 ൽ 2,90,000/-രൂപയും ശേഷിക്കുന്ന 3,78,613 /-രൂപ 2023-24 ലും ചെലവഴിച്ചിട്ടുണ്ട് (ബിൽ നം. 176/5.12.23 3,78,613/-). സ്ഥാപനത്തിൽ നിന്നും ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഈടാക്കിയിട്ടില്ല.

സ്റ്റോർ പർച്ചേസ് വകുപ്പിന്റെ 28.4.18 ലെ SPD-A3/35/18 നം കത്ത് പ്രകാരം റേറ്റ് കോൺട്രാക്ട് വ്യവസ്ഥയിൽ വസ്തുക്കൾ വിപണനം നടത്തുന്ന സ്ഥാപനങ്ങൾക്ക് E.M.D, Security Deposit എന്നിവയിൽ ഇളവുകൾ അനുവദനീയമല്ല. എന്നാൽ ഓപ്പൺ ടെണ്ടറിൽ പങ്കെടുക്കുന്ന MSME സ്ഥാപനങ്ങൾക്കും സ്റ്റോർ പർച്ചേസ് വകുപ്പിൽ രജിസ്ട്രേഷൻ ഉള്ള സ്ഥാപനങ്ങൾക്കും E.M.D, Performance Security എന്നിവ ഒഴിവാക്കി നൽകാനും ടെണ്ടർ ഫോം സൗജന്യമായി ലഭിക്കാനും അർഹതയുണ്ട്. ഇവിടെ ടെണ്ടർ നടത്താതെ റേറ്റ് കോൺട്രാക്ട് വ്യവസ്ഥയിലാണ് സാധനങ്ങൾ വാങ്ങിയത്.

2013 ലെ സ്റ്റോർ പർച്ചേസ് മാന്വലിലെ ഖണ്ഡിക 8.10 പ്രകാരം സർക്കാർ സ്ഥാപനങ്ങൾ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ നിർമ്മിച്ച് വിതരണം ചെയ്യുന്ന സാമഗ്രികൾക്കും ടെണ്ടർ സമർപ്പിക്കുമ്പോൾ ഇ.എം.ഡി ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ ഉപകരണങ്ങൾ ആർട്ട്കോ നിർമ്മിച്ച് വിതരണം ചെയ്യുന്നതാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ഇല്ല .

ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഈടാക്കാതെ ആർട്ട്കോയിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല . അപാകതയ്ക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-15 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി - സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചില്ല .

എസ്. സി വിദ്യാർത്ഥികൾക്കായുള്ള പഠനമുറിയുടെ നിർമ്മാണം 2022-23 ലാണ് ആരംഭിച്ചത്. പദ്ധതി പ്രകാരം (പഞ്ചായത്ത് ഭരണസമിതിയുടെ 11.10.22 ലെ 3/1 നമ്പർ പ്രകാരം അംഗീകാരം ലഭിച്ച ഗുണഭോക്തൃ ലിസ്റ്റിലെ) വാർഡ് 6 ലെ ശ്രീ രാജേഷ് പാലയുള്ള പറമ്പത്ത് എന്ന ഗുണഭോക്താവിന് 2022-23 വർഷം 50,000/- രൂപ നൽകിയിട്ടുണ്ട് (ബിൽ നം 219/7.2.23 – 50,000/-). മുദ്രപ്പത്രത്തിൽ ഗുണഭോക്താവ് ഒപ്പു വെച്ചു എന്നതൊഴികെ ആവശ്യമായ വ്യവസ്ഥകളൊന്നും എഗ്രിമെന്റിൽ രേഖപ്പെടുത്തിയിട്ടില്ല .

നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ പദ്ധതി സ്പിൽഓവർ ആയി 2023-24 ലും നടപ്പിലാക്കിയിട്ടുണ്ട്. ഈ വർഷം 65,000/-രൂപ ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരം മേൽ ഗുണഭോക്താവിന് നൽകിയിട്ടുണ്ട് .

ബിൽ നം 61/21.7.23 15,000/-

ബിൽ നം 238/25.1.24 50,000/-

അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത് .

28.5.22 ലെ സ.ഉ.കൈ നം 115/22 LSGD പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖ 7.2.13 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ വീടിനോടനുബന്ധിച്ച് സൗകര്യം ഉണ്ടെങ്കിൽ പഠനമുറി നിർമ്മിക്കാവുന്നതാണ്. അതുപ്രകാരം 800 ചതുരശ്ര അടിയിലധികരിക്കാത്ത നിലവിലുള്ള വീടിനോട് ചേർന്ന് പരമാവധി 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠനമുറി നിർമ്മിക്കാവുന്നതാണ്. രേഖകൾ പരിശോധിച്ചതിൽ, പഠനമുറി നിർമ്മിക്കുന്നതിനു വേണ്ടി ഗുണഭോക്താവായ ശ്രീ രാജേഷ് പാലയുള്ള പറമ്പത്ത് സമർപ്പിച്ച (VI/393A) പ്ലാൻ പ്രകാരം പഠനമുറിയ്ക്ക് 120 ചതുരശ്ര അടി വിസ്തീർണ്ണമാണുള്ളത്. എന്നാൽ സഞ്ചയയിൽ നിന്നും ലഭ്യമായ നികുതി നിർണ്ണയ പത്രിക പ്രകാരം (ഫോറം 6) കെട്ടിടത്തിന് 166 ചതുരശ്ര അടി വിസ്തീർണ്ണമാണുള്ളത്. സഞ്ചയ പരിശോധിച്ചതിൽ (VI/393 B) നമ്പറിലുള്ള കെട്ടിടവും ശ്രീ രാജേഷ് പാലയുള്ള പറമ്പത്ത് എന്നയാളുടേതാണ്. പ്രസ്തുത കെട്ടിടത്തിന് 912 ചതുരശ്ര അടി വിസ്തീർണ്ണമുണ്ട്. അതായത് 800 ചതുരശ്ര അടിയിലധികമുള്ള വീടിന് 166 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ പഠനമുറി നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെ സഹായം അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതും വീടിനോട് ചേർന്ന് പഠനമുറി നിർമ്മിക്കുന്നതിന് പ്രത്യേകം കെട്ടിട നമ്പർ നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതുമാണ് .

1-16 വീട് പുനരുദ്ധാരണം - പ്രവൃത്തി പൂർത്തീകരിച്ചില്ല.

പ്രൊജക്ട് നമ്പർ - 142 /23-24 .

അടങ്കൽ - 1500000

ചെലവ് തുക - 450000

ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി അതിദരിദ്രരുടെ വീട് പുനരുദ്ധാരണം പദ്ധതിയ്ക്കായി മുകളിൽ ചേർത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ഇതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ഓഡിറ്റ് പിരീഡ് വരെ പുനരുദ്ധാരണ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

| ഗുണഭോക്താക്കാവിന്റെ പേര് | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തിയ്യതി |
|---|---|---|
| വിമല/വാർഡ് നം .11 | 50000 | 6.2.24 |
| കല്ല്യാണി/വാർഡ് നം .6 | 50000 | 28.2.24 |
| കാർത്ത്യായനി/വാർഡ് നം .7 | 50000 | 28.2.24 |

| | | |
|---|---|---|
| ചന്ദ്രൻ/വാർഡ് നം .8 | 50000 | 28.2.24 |

മേൽ പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണം പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കൾ സ്വന്തം നിലയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ പ്രാപ്തിയില്ലാത്തവരായതിനാലും പലർക്കും സാമ്പത്തിക വർഷാവസാനമാണ് തുക നൽകിയത് എന്നതിനാലും തുടർവർഷത്തിൽ നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ രേഖകൾ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-17 ഭവനനിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

വാണിമേൽ ഗ്രാമപഞ്ചായത്തിൽ മുൻവർഷം ഭവനപദ്ധതിയ്ക്കായി (പ്രോജക്ട് നം. 10/21-22) രമ്യ വാർഡ് നം 6 എന്ന ഗുണഭോക്താവിന് 6.5.21 ന് 40,000/- രൂപ അനുവദിക്കുകയും ടിയാൾ വീട് പണി പൂർത്തീകരിക്കാത്തതിനാൽ 26.7.23 ലെ ഭരണസമിതി മിനുട്സ് അജണ്ട 10 പ്രകാരം തുക തിരിച്ചടക്കാൻ നിർദ്ദേശിച്ച് തീരുമാനം എടുക്കുകയും ചെയ്തിരുന്നു. ഗുണഭോക്താവ് വീട് നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ കൈകൊള്ളാത്തതിനാൽ തുക തിരിച്ചടക്കുകയോ, ഭവനനിർമ്മാണം പൂർത്തീകരിക്കുകയോ ചെയ്യാൻ ആവശ്യപ്പെട്ട് വി.ഇ.ഒ 20.8.22 ന് നോട്ടീസ് അയച്ചെങ്കിലും തുടർ നടപടികൾ സ്വീകരിക്കുകയോ തുക തിരികെ അടവാക്കുകയോ ചെയ്തിട്ടില്ല. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് വി.ഇ.ഒ 13.11.24 ന് നൽകിയ മറുപടിയിൽ പ്രസ്തുത ഗുണഭോക്താവിന് 16.2.24 ന് വീണ്ടും നോട്ടീസ് നൽകിയെങ്കിലും ഗുണഭോക്താവ് നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല എന്നും, തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-18 'വിശപ്പുരഹിത കേരളം -ജനകീയ ഹോട്ടൽ' -പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് : വിശപ്പുരഹിത കേരളം -ജനകീയ ഹോട്ടൽ

പ്രോജക്ട് നമ്പർ : 43

വകയിരുത്തിയത് : 2,00,000/-

ചെലവ് : 1,98,400/-

ബിൽ നം : 265/8.2.24 99,550/-

ബിൽ നം : 383/24.3.24 98,850/-

കേരള സർക്കാരിന്റെ പന്ത്രണ്ടിന പദ്ധതിയിൽ ഉൾപ്പെട്ട വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ജനകീയ ഹോട്ടൽ നടത്തിപ്പിനുള്ള പ്രോജക്ടാണിത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 6.3.20 ലെ സ.ഉ.കൈ.നം (45/20) ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജനകീയ ഹോട്ടലിന്റെ വാടക ഗ്രാമപഞ്ചായത്തിന് വഹിക്കാവുന്നതാണ്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹോട്ടൽ കെട്ടിടത്തിന്റെ വാടക ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഹോട്ടൽ കെട്ടിടത്തിന്റെ വാടക കെട്ടിട ഉടമക്ക് അനുവദിക്കുന്നതിനു പകരം അന്നപൂർണ്ണ ജനകീയ ഹോട്ടൽ പ്രസിഡന്റിനാണ് അനുവദിച്ചത് .

2.പ്രതിമാസത്തേക്കു വാടക അനുവദിക്കുന്നതിനു പകരം പ്രതിദിനം 550/-രൂപ തോതിലാണ് വാടക നൽകിയത് .

3. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം പ്രതിമാസം അനുവദിക്കാവുന്ന വാടക 16,475/- രൂപയാണെന്നിരിക്കേ, വാടക പരിമിതപ്പെടുത്തിയില്ല .

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം 12 തീയതി 12.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അനുവദിക്കാവുന്ന പരമാവധി തുകയിൽ കെട്ടിടവാടക പരിമിതപ്പെടുത്തേണ്ടതും ഖണ്ഡികയിൽ പരാമർശിച്ച മറ്റ് അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-19 കുടിവെള്ളപദ്ധതികൾ സമഗ്രമായി തയ്യാറാക്കുന്നില്ല

വാണിമേൽ ഗ്രാമപഞ്ചായത്തിൽ 2023-24 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ ലക്ഷ്യം കൈവരിക്കാതെ ഭാഗികമായി മാത്രം നിർമ്മാണം പൂർത്തിയായ അവസ്ഥയിലാണെന്ന് കാണുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | എഗ്രിമെന്റ് തിയ്യതി | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ചെറിയ പാനോം കുടിവെള്ള പദ്ധതി . പ്രോജക്ട് നം: 184/23-24<br>അടങ്കൽ : 6,99,900/-<br>ചെലവ് : 6,99,900/- | 28.2.23 | പൈപ്പ് ലൈൻ വർക്ക് പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ വർക്ക് പൂർത്തീകരിച്ചിട്ടില്ല. |
| 2 | എഫ്.എച്ച്.സി കുടിവെള്ള പദ്ധതി പ്രോജക്ട്നം (160/23-24)<br>അടങ്കൽ: 5,26,063/-<br>ചെലവ് : 5,17,546/- | 14.2.23 | കിണർ വർക്ക് പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ വർക്ക് പൂർത്തീകരിച്ചിട്ടില്ല |
| 3 | എടത്താംകുണ്ട് വാട്ടർടാങ്ക് നവീകരണം<br>പ്രോജക്ട്നം : 177/23-24<br>അടങ്കൽ : 4,99,500/-<br>ചെലവ് : 3,72,660/- | 3.4.23 | പൈപ്പ് ലൈൻ വർക്ക് പൂർത്തീകരിച്ചു.<br>ഇലക്ട്രിക്കൽ വർക്ക്, മോട്ടോർ സ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ചിട്ടില്ല. |

കുടിവെള്ള പദ്ധതികൾ ഭാഗികമായി തയ്യാറാക്കുന്നതിനാലാണ് പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നതിൽ വിജയിക്കാത്തത്. മിക്ക പദ്ധതികളും മേൽ സൂചിപ്പിച്ച പ്രകാരം നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണുള്ളത്. സ.ഉ (കൈ) നം 84/2022 തസ്വഭവ തീയതി 19.4.22 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ 8.1 (25) ൽ എല്ലാ കുടിവെള്ള പ്രോജക്ടുകൾക്കും പരമാവധി ഗുണഭോക്തൃ വിഹിതം സമാഹരിക്കാനുള്ള വ്യവസ്ഥ പ്രൊജക്ടിൽ ഉൾപ്പെടുത്തണമെന്നും, കുടിവെള്ള പ്രൊജക്ടുകളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണ് എന്നും പ്രൊജക്ടിൽ വ്യവസ്ഥ

ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി കാലയളവിൽ നടപ്പാക്കിയ കുടിവെള്ള പദ്ധതികളുടെ കാര്യത്തിൽ ഈ വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. അപാകതകൾ വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 13.11.24 ന് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ തുടർവർഷങ്ങളിൽ വർക്ക് പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതായി അറിയിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ വർക്ക്, മോട്ടോർ സ്ഥാപിക്കൽ എന്നീ തുടർ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ സ്വീകരിച്ചതായും അറിയിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതികൾ പൂർണ്ണമായും പ്രവർത്തനസജ്ജമാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതനുസരിച്ച് പരാമർശം ഒഴിവാക്കുന്നതാണ്.

## 1-20 പൊതുമരാമത്ത് പ്രവൃത്തികളുടെ ചെലവ് സംബന്ധിച്ച്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2023-24 വർഷത്തിൽ സ്പിൽ ഓവർ പദ്ധതികളുൾപ്പെടെ ആകെ 106 പദ്ധതികളാണ് തയ്യാറാക്കിയത്. പദ്ധതികൾക്കായുള്ള ആകെ അടങ്കൽ തുകയായ 4,90,65,631/- രൂപയിൽ 1,07,28,855/-രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. (ചെലവ് ശതമാനം 21.86) ഫണ്ടുകളുടെ ഇനം തിരിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|
| വികസനഫണ്ട്- പൊതുവിഭാഗം | 2919327 | 1193980 | 40.8 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 10959837 | 4271133 | 38.9 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 367500 | 0 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 330055 | 37994 | 11.51 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 14000 | 0 | 0 |
| തനതുഫണ്ട് | 929414 | 366426 | 39.4 |
| സംരക്ഷണഗ്രാന്റ് റോഡ് | 26702178 | 2326854 | 8.71 |
| സംരക്ഷണഗ്രാന്റ് റോഡിതരം | 3343375 | 1496284 | 44.75 |
| മറ്റുള്ളവ | 3499945 | 1036184 | 29.6 |
| ആകെ | 49065631 | 10728855 | 21.86 |

തൻവർഷം പുതുതായി രൂപീകരിച്ച 74 പദ്ധതികളിൽ 15 എണ്ണത്തിനു മാത്രമാണ് ഓഡിറ്റ് വർഷം ചെലവുള്ളത്. ചെലവില്ലാത്ത 59 പദ്ധതികളിൽ 42 എണ്ണം റോഡ് പ്രവൃത്തികളും, 17 എണ്ണം കെട്ടിട/ കുടിവെള്ള /പ്രവൃത്തികളുമാണ്. പുതുതായി രൂപീകരിച്ച പദ്ധതികളിൽ ഇത്തരത്തിൽ വളരെ കുറഞ്ഞ

എണ്ണം മാത്രം നിർവ്വഹിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല.

32 സ്പിൽഓവർ പ്രവൃത്തികളിൽ 12 എണ്ണത്തിന് 2023-24 വർഷവും ചെലവില്ല. മുൻവർഷ പദ്ധതികളിൽ നിർവ്വഹണം ആവശ്യമായവ മാത്രമാണ് സ്പിൽഓവർ ആയി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുള്ളൂയെന്നിരിക്കെ ഇത്രയും പദ്ധതികൾക്ക് തുടർവർഷത്തിലും ചെലവില്ലാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല. പദ്ധതികളുടെ ആസൂത്രണം സംബന്ധിച്ച് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പുകളിൽ ചർച്ച ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 13.11.24 ന് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ 2023 ജൂൺ മുതൽ എഞ്ചിനീയറും, ഓവർസിയറും പഞ്ചായത്തിൽ ഉണ്ടായിരുന്നില്ലെന്നും, വളയം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ചാർജ്ജ് ആയിരുന്നെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രൈസിൽ ലോഗിൻ ലഭ്യമാക്കാനുള്ള കാലതാമസവും പരാമർശിച്ചിട്ടുണ്ട്. പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാതെ പോകുകയും അതുവഴി ഫണ്ട് പാഴാകുന്നതും ആസൂത്രണത്തിലെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. തുടർവർഷങ്ങളിൽ പദ്ധതിപണം പാഴാകാതെയിരിക്കാൻ ഈ വിഷയത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 ഹോമിയോ മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

അടങ്കൽ : 1,50,000/- സംരക്ഷണ ഗ്രാന്റ് റോഡിതരം

ചെലവ് : 1,50,000/- (ബിൽ നം.206/09.01.24)

നിർവ്വഹണം :മെഡിക്കൽ ഓഫീസർ (ഹോമിയോ)

മേൽ ബിൽ മുഖാന്തിരം ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ഹോമിയോ ഡിസ്പെൻസറിയിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങാനായി നിർവ്വഹണ ഉദ്യോഗസ്ഥൻ 1,50,000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതി കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ഹോംകോയ്ക്ക് തുക നൽകി ഒരു വർഷത്തോളമായിട്ടും 51,888/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. 98,112/- രൂപയ്ക്കുള്ള മരുന്നുകൾ ഇനിയും ലഭ്യമാകാൻ അവശേഷിക്കുന്നു. പ്രസ്തുത മരുന്ന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ വിവിധ തീയതികളിലായി ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ ഇതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ്. അതുവരെ 98,112/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-22 പദ്ധതികൾ സമഗ്രമായി തയ്യാറാക്കുന്നില്ല

വാണിമേൽ പഞ്ചായത്തിൽ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 23-24 ൽ റിംഗ് കമ്പോസ്റ്റ് എന്ന പദ്ധതിയ്ക്കായി 3 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. 2 എണ്ണം പുതിയ പ്രോജക്ടും ഒന്ന് സ്പിൽഓവറും ആണ്. വിശദവിവരം ചുവടെ ചേർക്കുന്നു:

| 1 | പ്രോജക്ട് നമ്പർ , ചെലവ് തുക | നടപ്പിലാക്കിയ സ്ഥാപനം |
|---|---|---|
| | 41/ 23-24; ബിൽ നം. 297/4.3.24 ; 5,98,005/-<br>ബിൽ നം. 284/28.2.24 ; 92,475/- | ശുദ്ധി വേസ്റ്റ് കൺവേർഷൻ യൂണിറ്റ് |
| 2 | 271/23-24 ; ബിൽ നം. 309/12.3.24 ; 16,195/-<br>ബിൽ നം.308/12.3.24 ; 61,705/- | ഗോൾഡൻ ബിൽഡേഴ്സ് |

ഇതിൽ ക്രമ നം 1 പ്രകാരം ടെണ്ടർ നടപടികളിലൂടെ വീടുകളിലേയ്ക്കും (336 എണ്ണം) ക്രമ നം 2 പ്രകാരം ക്വട്ടേഷൻ നടപടികളിലൂടെ സ്ഥാപനങ്ങളിലേയ്ക്കുമാണ് (38) പദ്ധതി നടപ്പിലാക്കിയത്. ശുദ്ധി വേസ്റ്റ് യൂണിറ്റ് ടെണ്ടർ നടപടികൾ പ്രകാരം ഒരു യൂണിറ്റിന് 2,055/- രൂപയും ഗോൾഡൻ ബിൽഡേഴ്സ് ക്വട്ടേഷൻ പ്രകാരം 2,050/- രൂപയുമാണ് ക്വാട്ട് ചെയ്തത്. ജി.ഒ.പി നം 259/2010/ത.സ്വ.ഭ.വ തി.8.11.2010 സമാഹരണ പദ്ധതികൾ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും

സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും അതനുസരിച്ചുള്ള സമാഹരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. രണ്ടു പദ്ധതികളും ഒരേ സാമ്പത്തിക വർഷം നടപ്പിലാക്കിയതിനാൽ തന്നെ പദ്ധതികൾക്ക് രണ്ട് നിരക്കിലുള്ള യൂണിറ്റുകൾ സ്വീകരിക്കാനിടയായ സാഹചര്യം ഒഴിവാക്കാമായിരുന്നതും പദ്ധതികൾ സമഗ്രമായി തയ്യാറാക്കേണ്ടതുമായിരുന്നു. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതും ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-23 ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ അക്കൗണ്ടുകൾ ഓഡിറ്റിന് സമർപ്പിച്ചില്ല.

2010 ലെ കേരള പഞ്ചായത്ത് രാജ് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി ചട്ടം 9 (1) പ്രകാരം ആശുപത്രി വികസന ഫണ്ടിന്റെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റിൽ നിക്ഷിപ്തമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വാണിമേൽ എഫ്.എച്ച്.സി ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷിക കണക്കുകൾ, കമ്മിറ്റി രൂപീകരിച്ചത് മുതൽ ഓഡിറ്റ് തീയതി വരെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാർഷിക കണക്കുകൾ ഹാജരാക്കുന്നതിലെ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/24, തീയതി 13.11.24) മറുപടി നൽകിയിട്ടില്ല. സമർപ്പിക്കാൻ ബാക്കിയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേന പ്രവർത്തനാവലോകനം

കേരള പഞ്ചായത്ത് രാജ് നിയമം 166 (1 )-ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിത കേരള മിഷനിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ശുചിത്വ-മാലിന്യ സംസ്കരണ കർമ്മ പരിപാടിക്ക് സ.ഉ(കൈ)നം. 159/2016/ ത.സ്വ.ഭ.വ തീയതി 06.11.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെ തുടർന്ന് പൗരന്മാർക്ക് മാലിന്യസംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുക, ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കൊണ്ട് സ.ഉ(സാധാ)2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണ ക്യാമ്പയിന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോവേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ്യ ലക്ഷ്യം. ആയതിലേക്കായി പൗരന്മാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/ തസ്വഭവ തീയതി 16.04.2021, സ.ഉ (ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി 2023-24 വർഷത്തിൽ മാലിന്യ നിർമ്മാർജ്ജനം, മാലിന്യങ്ങളുടെ ഉറവിട സംസ്കരണം, ഹരിതകർമ്മ സേനാംഗങ്ങൾക്ക് സൗകര്യമൊരുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് വാണിമേൽ ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ പേര് | നിർവ്വഹണം | വകയിരുത്തിയ തുക | ചെലവ് |
|---|---|---|---|---|
| 1 | ഗാർഹിക റിംഗ് കമ്പോസ്റ്റ്(41/23-24 | വി.ഇ.ഒ | 1506315 | 690480 |
| 2 | പൊതുസ്ഥാപനങ്ങൾക്ക് റിംഗ് കംമ്പോസ്റ്റ് (271/23-24) | വി.ഇ.ഒ | 80145/- | 77900 |
| 3 | മാലിന്യമുക്ത നവകേരളം ജനകീയ കാമ്പയിൻ (231/23-24) | വി.ഇ.ഒ | 100000/- | 0 |
| 4 | എസ്.ടി. വിഭാഗക്കാരുടെ അജൈവ മാലിന്യശേഖരണം -ഹരിതകർമ്മ സേനയ്ക്കുള്ള യൂസർഫീ (223/23-24) | ടി | 5000 | 5000 |

മേൽ സൂചിപ്പിച്ച പ്രോജക്ടുകളിൽ പ്രോജക്റ്റ് നം. 231/23-24 ന് തുക വകയിരുത്തിയിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല.

1)ഹരിതകർമ്മസേനയുടെ പ്രവർത്തനം

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും 12.08.2020-ലെ സ.ഉ(സാ.ധാ) നം.1497/2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചു. ആയതു പ്രകാരം ശുചിത്വ മാലിന്യ സംസ്കരണത്തിനായി ഹരിത കർമ്മസേന രൂപീകരിക്കേണ്ടതും അവർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതുമാണ്. അവർ കഴുകി വൃത്തിയാക്കിയ അജൈവമാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കേണ്ടതാണ്. ആയതിന് വാഹനസൗകര്യം ഏർപ്പെടുത്തേണ്ടതും അവ സൂക്ഷിക്കുന്നതിനായി വാർഡ് തലത്തിൽ മിനി എം.സി.എഫുകളും പഞ്ചായത്തിൽ എം.സി.എഫും സ്ഥാപിക്കേണ്ടതും, ഹരിതകർമ്മസേനയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ, തിരിച്ചറിയൽ കാർഡ്, യൂണിഫോം എന്നിവ നൽകേണ്ടതും പഞ്ചായത്തിന്റെയും കുടുംബശ്രീ മിഷന്റെയും ഉത്തരവാദിത്തമാണ്. പഞ്ചായത്തിലെ ഹരിത കർമ്മ സേന സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ വാർഡുകളുടെ എണ്ണം | 16 |
| ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം | 30 |
| കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൗണ്ട് നം, 31.3.24 ലെ നീക്കിയിരിപ്പ് | 655636 |
| ഫീസ് പിരിവിനായി വീടുകൾ /സ്ഥാപനങ്ങൾ സന്ദർശിക്കുന്ന സമയക്രമം | പ്രതിമാസം |

2024 മാർച്ച് മാസത്തിൽ യൂസർഫീ പിരിച്ചെടുക്കപ്പെട്ട കെട്ടിടങ്ങളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു

| ആകെ കെട്ടിടങ്ങൾ | | ഫീസ് പിരിച്ചെടുത്ത കെട്ടിടങ്ങളുടെ എണ്ണം | | ആകെ പിരിച്ചെടുത്ത ഫീസ് | | പിരിവിന്റെ ശതമാനം | |
|---|---|---|---|---|---|---|---|
| | | 2024 മാർച്ച് മാസം | | 2024 മാർച്ച് മാസം | | 2024 മാർച്ച് മാസം | |
| വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ |
| 6402 | 7871 | 5201 | 170 | 260050 | 17050 | 81.2 | 2.1 |

ഗ്രാമപഞ്ചായത്തിലെ ഗാർഹിക കെട്ടിടങ്ങളിൽ നിന്നുള്ള യൂസർഫീ പിരിവിന്റെ തോത് തൃപ്തികരമാണെങ്കിലും മറ്റ് കെട്ടിടങ്ങൾ സംബന്ധിച്ച മാലിന്യശേഖരണ ക്ഷമത തൃപ്തികരമല്ല എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

യൂസർ ഫീ നല്കാൻ കഴിവില്ലാത്തവരായ 260 അതിദാരിദ്ര്യ/അഗതി/ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ യൂസർ ഫീ നൽകുന്നതിന് പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട് .

2023-24 കാലയളവിൽ ഹരിത കർമ്മസേന പിരിച്ചെടുത്ത യൂസർഫീയും, ഹരിത കർമ്മസേനയുടെ ചെലവുകളും താഴെ ചേർക്കുന്നു.(ലഭ്യമാക്കിയ കണക്കുകൾ പ്രകാരം)

| | |
|---|---|
| പിരിച്ചെടുത്ത യൂസർ ഫീ | 1985200 |
| സെഗ്രിഗേറ്റ് ചെയ്ത വേസ്റ്റിൽ നിന്നുള്ള വരുമാനം | 40424 |
| സേനാംഗങ്ങൾക്ക് നൽകിയ വേതനം | 1392300 |
| റിജക്റ്റഡ് വേസ്റ്റ് കൈമാറുന്നതിന് | 350000 |

<u>ഗ്രാമപഞ്ചായത്തിലെ എം. സി .എഫ് സൗകര്യങ്ങൾ, നിലവിലെ അവസ്ഥ</u>

16 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ നിലവിൽ സേനാംഗങ്ങളുടെ എണ്ണം 30 ആണ്. പഞ്ചായത്തിൽ റിജക്റ്റ്ഡ് വേസ്റ്റ് കൈമാറുന്നതിനായി കോനാരി അഡ്വാൻസ് പോളിമേഴ്സ് എന്ന ഏജൻസിയുമായി കരാർ വച്ചിട്ടുണ്ട്. കരാർ 13/12/21 മുതൽ മൂന്ന് വർഷത്തേയ്ക്കാണ്. കരാറനുസരിച്ച് വീടുകളിൽനിന്നും 50/- രൂപയും കടകളിൽനിന്നും 100/- രൂപയുമാണ് ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യശേഖരണത്തിനായി ഈടാക്കുന്നത്. അധികം വരുന്ന ഓരോ ചാക്കിനും യൂസർ ഫീക്കു പുറമേ 50/- രൂപ അധിക നിരക്ക് ഈടാക്കുന്നതാണ്. പിരിച്ചെടുക്കുന്ന യൂസർ ഫീ ഹരിതകർമ്മസേനയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറുകയും ശമ്പളയിനത്തിൽ സേനാംഗങ്ങൾ തുക കൈപ്പറ്റുകയും ചെയ്യുന്നു.

പഞ്ചായത്തിൽ സ്ഥിരമായ എം.സി.എഫ് സൗകര്യങ്ങൾ ഇല്ല. അതുകൊണ്ട് തന്നെ ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ വച്ച് മുഴുവനായും വേർതിരിക്കാൻ സാധിക്കുന്നില്ല . 2023-24 ൽ എം.സി.എഫ് നിർമ്മാണത്തിനായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി രൂപീകരിച്ചിരുന്നുവെങ്കിലും തൻവർഷം ഈയിനത്തിൽ ചെലവില്ല. ഹരിത കർമ്മസേനാംഗങ്ങൾ കലക്ട് ചെയ്യുന്ന മാലിന്യം പഞ്ചായത്തിന്റെ പുറക് വശത്ത് കൂട്ടിയിട്ട സ്ഥിതിയിലാണുള്ളത്. അതുകൊണ്ട് തന്നെ കൃത്യസമയത്ത് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിൽ പഞ്ചായത്ത് വിജയിച്ചിട്ടില്ല എന്നു കാണുന്നു.

16 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ മുഴവൻ വാർഡുകളിലും മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ബോട്ടിൽ ബൂത്തുകൾ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടില്ല. സേനയുടെ വളർച്ചയ്ക്ക് ഉതകുന്ന സംരംഭ സാധ്യതകൾ, പ്രവർത്തനങ്ങൾ എന്നിവ കണ്ടെത്തി നൽകൽ, വാണിജ്യസ്ഥാപനങ്ങൾ

മറ്റ് പൊതുപരിപാടികൾ, എന്നിവയിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം ഉറപ്പുവരുത്തി വരുമാനം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കൽ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളൊന്നും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല എന്നു കാണുന്നു. സേനയുടെ പ്രവർത്തനം, വരുമാനം, ദൈനംദിന കണക്കുകൾ എന്നിവ സംബന്ധിച്ചും ജോലി സാഹചര്യം, ശേഖരിക്കുന്ന മാലിന്യം കൈകാര്യം ചെയ്യുന്ന രീതി എന്നിവ സംബന്ധിച്ചുമുള്ള വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തുന്നില്ല. ഹരിത കർമ്മസേനയെ ശാക്തീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല.

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ വിവരം അനുസരിച്ച് സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന്റെ ഭാഗമായി 6875 ക്യു.ആർ കോഡുകൾ പതിച്ചിട്ടുണ്ട്.

വാഹന സൗകര്യം

ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന അംഗങ്ങൾ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ നീക്കംചെയ്യാൻ വേണ്ടി വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. എം.സി.എഫി ലേക്ക് മാലിന്യങ്ങൾ എത്തിക്കുന്ന വാഹനത്തിന്റെ വാടക നൽകുന്നതിന് 7,26,895/- രൂപ 2023-24 ൽ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

നിർദ്ദേശങ്ങൾ

നാളിതുവരെ സ്ഥിരവും സൗകര്യപ്രദവുമായ ഒരു എം.സി.എഫ് ഒരുക്കാനാവാത്തത് ഗ്രാമപഞ്ചായത്തിന്റെ വീഴ്ചയാണ്. ശേഖരിക്കുന്ന മാലിന്യം സെഗ്രിഗേറ്റ് ചെയ്യാനാവാത്തപക്ഷം പുനരുപയോഗിക്കാനാവുന്ന മാലിന്യത്തിന് വില ലഭിക്കില്ല. ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യം സംഭരിക്കുന്നതിനും, സെഗ്രിഗേറ്റ് ചെയ്യുന്നതിനുമുള്ള എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഒരു സ്ഥിരം മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) ഗ്രാമപഞ്ചായത്ത് അടിയന്തിരമായി നിർമ്മിക്കേണ്ടതാണ്. സ്മാർട്ട്ഗാർബേജ് പദ്ധതിയുടെ ഭാഗമായുള്ള ക്യൂ.ആർ കോഡ് പതിക്കൽ അടിയന്തിരമായി പൂർത്തിയാക്കി, ഹരിതമിത്രം ആപ്പ് പൂർണ്ണസജ്ജമാക്കി യൂസർ ഫീ പിരിവ് 100 ശതമാനത്തിലേക്കെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ വച്ചു തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സുസ്ഥിരമായ മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. നൂതനമായ മാലിന്യ സംസ്കരണ രീതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് ഹരിതകർമ്മസേനയ്ക്ക് പരിശീലനം നൽകേണ്ടതും, അവരെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കുന്നതിനായി സംരംഭങ്ങൾ തുടങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് സഹായം ചെയ്തു നൽകേണ്ടതുമാണ്. ഹരിതകർമ്മസേനയക്കായി ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യങ്ങൾ, സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്തത്തിൽ നടപ്പിലാക്കേണ്ടതാണ്. അജൈവമാലിന്യ സംസ്കരണത്തോടൊപ്പം ജൈവമാലിന്യ സംസ്കരണമേഖലയിലേക്കും ഹരിതകർമ്മസേനയുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ നടപ്പാക്കുക വഴി മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്വയംപര്യാപ്തമായ സംഘടനാ സംവിധാനം എന്ന നിലയിലേക്ക് ഹരിതകർമ്മസേനയെ ഉയർത്തിക്കൊണ്ടുവരേണ്ടതാണ്. ഇപ്രകാരം നടപടികൾ സ്വീകരിച്ച് ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 06-11-2024 & 07.11.2024 | ഇതേ നമ്പർ ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | അതി ദരിദ്രർക്കുള്ള വീട്പുനരുദ്ധാരണം-ജനറൽ | 10,0000 |
| | 100000 | ലൈഫ് ഭവനപദ്ധതി -പട്ടികജാതി | 1,00,000 |
| | 1050,000 | ലൈഫ് ഭവനപദ്ധതി ജനറൽ | 10,50,000 |
| | 356600 | ലൈഫ് ഭവനപദ്ധതി പട്ടികവർഗ്ഗം | 3,56,600 |
| | 142790 | 90/22-23 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,42,790 |
| | 225000 | ഭിന്നശേഷി സ്കോളർഷിപ്പ് | 2,25,000 |
| ആകെ | | | 19,74,390 |
| ജില്ലാ പഞ്ചായത്ത് | 263812 | ലൈഫ് ഭവനപദ്ധതി പട്ടികവർഗ്ഗം | 2,63,812 |

| | | | |
|---|---|---|---|
| | 300,000 | ലൈഫ് ഭവനപദ്ധതി ജനറൽ | 3,00,000 |
| | 100000 | മുട്ടഗ്രാമം വനിതകൾക്ക് | 1,00,000 |
| | 100000 | പോത്തുകുട്ടി വിതരണം | 1,00,000 |
| | 120000 | അതി ദരിദ്രർക്കുള്ള വീട് പുനരുദ്ധാരണം-ജനറൽ | 1,20,000 |
| | 47700 | ഭിന്നശേഷി സ്കോളർഷിപ്പ് | 47,700 |
| | | | 9,31,512 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

– ഇല്ല -

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

– ഇല്ല -

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്) 3367/2021.ത.സ്വ.ഭ.വ തീയതി-07/04/2021 | 89,20,000 | 85,81,905 | 14,98,090 | | 1,60,03,815 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 65,00,000 |
| പലിശ വരവ് | 5,11,319 |
| ആകെ | 70,11,319 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 70,11,319 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | കേരള ഗ്രാമീണ ബാങ്ക് വാണിമേൽ ഷെയർ സർട്ടിഫിക്കറ്റ് നം-1098746 | 16.03.2023 | 12 മാസം | 5,31,205 | |
| 2 | കേരള ഗ്രാമീൺ ബാങ്ക് വാണിമേൽ ഷെയർ സർട്ടിഫിക്കറ്റ് നം-1098743 | 16.03.2023 | 12 മാസം | 5,30,682 | |
| 3 | കേരള ഗ്രാമീൺ ബാങ്ക് വാണിമേൽ ഷെയർ സർട്ടിഫിക്കറ്റ് നം-1098744 | 16.03.2023 | 12 മാസം | 5,30,682 | |
| 4 | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ഷെയർ സർട്ടിഫിക്കറ്റ് നം-112537 | 15.03.2023 | 12 മാസം | 5,42,500 | |
| 5 | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ഷെയർ സർട്ടിഫിക്കറ്റ് നം-112538 | 15.03.2023 | 12 മാസം | 5,42,500 | |
| 6 | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ഷെയർ സർട്ടിഫിക്കറ്റ് നം-112539 | 15.03.2023 | 12 മാസം | 5,42,500 | |
| 7 | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ഷെയർ സർട്ടിഫിക്കറ്റ് നം-112540 | 15.03.2023 | 12 മാസം | 5,42,500 | |
| 8 | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ | 15.03.2023 | 12 മാസം | 5,42,500 | |

| | | | | | |
|---|---|---|---|---|---|
| | ബാങ്ക് ഷെയർ സർട്ടിഫിക്കറ്റ് നം-112541 | | | | |
| 9 | വാണിമേൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് സർട്ടിഫിക്കറ്റ് നം-8064 | 15.03.2024 | 12 മാസം | 5,41,250 | |
| 10 | വാണിമേൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ഷെയർ സർട്ടിഫിക്കറ്റ് നം-8065 | 15.03.2024 | 12 മാസം | 5,41,250 | |
| 11 | വാണിമേൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ഷെയർ സർട്ടിഫിക്കറ്റ് നം-8066 | 15.03.2024 | 12 മാസം | 5,41,250 | |
| 12 | വാണിമേൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ഷെയർ സർട്ടിഫിക്കറ്റ് നം-8067 | 15.03.2024 | 12 മാസം | 5,41,250 | |
| 13 | വാണിമേൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ഷെയർ സർട്ടിഫിക്കറ്റ് നം-8068 | 15.03.2024 | 12 മാസം | 5,41,250 | |
| ആകെ | | | | 70,11,319/- | |

## 4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 2011-12 | 3.3.6.121 | അങ്കണവാടികളുടെ ഭൗതികസാഹചര്യം | നില നിൽക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | | 2015-16<br>2015-16 | 3.6.1.24<br>3-7-13 | എസ്.സി.എസ്.ടി അടിസ്ഥാന സൗകര്യ വികസനം പദ്ധതി<br>മാർഗ്ഗരേഖ അവഗണിച്ചു | നില നിൽക്കുന്നു. |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4.188 | തൊഴിൽ നികുതി അപാകതകൾ | നില നിൽക്കുന്നു. |
| 2017-18 | 2-2 | 2018-19 | | ആഭ്യന്തര നിയന്ത്രണ സംവിധാനം പോരായ്മകൾ | നില നിൽക്കുന്നു. |
| 2017-18 | 2-8 | 2018-19 | | വിവിധോദ്ദേശ്യങ്ങൾക്ക് ലഭിച്ച തുകകൾ തനത് ഫണ്ടെന്ന നിലയിൽ ചെലവഴിച്ചതിനാൽ തനത്ഫണ്ട് കമ്മിയായി. | നില നിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല -

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(റസീറ്റ് & പേയ്മെന്റ് പ്രകാരം) | : | 5,87,36,524 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീറ്റ് & പേയ്മെന്റ് പ്രകാരം) | : | 4,93,35,051 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,48,115 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 50003 | ശ്രീ. വിനോദൻ.കെ.കെ, സെക്രട്ടറി |
| 1-21 | 98112 | ഡോ. ഷഫീന മുഹമ്മദ് ,<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 148115 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം<br>മേൽവിലാസം |
|---|---|---|
| ശ്രീ.വിനോദൻ.കെ.കെ<br>സെക്രട്ടറി | സെക്രട്ടറി,<br>ചെക്യാട് ഗ്രാമപഞ്ചായത്ത് | ഡി.എൻ.വില്ല<br>കുറ്റിയിൽ<br>കല്ലാച്ചി (പി.ഒ) |
| ഡോ.ഷഫീന മുഹമ്മദ് | മെഡിക്കൽ ഓഫീസർ(ഹോമിയോ)<br>വാണിമേൽ ഗ്രാമപഞ്ചായത്ത് | പണ്ടാരപ്പറമ്പത്ത്<br>വീട്<br>വാഴക്കാട് (പി.ഒ)<br>മലപ്പുറം 673640 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | കെ.എസ്.എ.കെ.കെ.ഡി.പി4/ 876/ 2017 തീയതി .10.12.2019 | 1 | 38 |
| 1998-99 (പദ്ധതി) | കെ.എസ്.എ.കെ.കെ.ഡി.പി4/876/ 2017 തീയതി 10.12.2019 | 1 | 26 |
| 1999-00 (പ്ലാൻ) | എൽ.എഫ്.എസ്.3/789/03 തീയതി 09.10.2003 | 2 | 24,25 |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.പി4/ | 3 | 2-1,2-4,3-1 |

| | | | |
|---|---|---|---|
| | 1129/2021(3) തീയതി 25.04.2023 | | |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി.പി4/ 1129/ 2021(11) തീയതി 25.04.2023 | 3 | ,3-8, 3-10,3-13 |
| 2011-12, 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി4/ 1129/ 2021(12) തീയതി 25.04.2023 | 7 | 2-1, 3-1,3-3,3-4, 3-5,3-6,3-10 |
| 2013-2014, 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി4/ 1129/ 2021(13) തീയതി 25.04.2023 | 18 | 2-2,3-3,3-4,3-10, 3-11,3-12, 3-16,3-18,3-19, 3-20,3-21,3-22, 3-27,3-28,3-29, 3-30,3-31,3-32 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി4/ 1129/ 2021(14) തീയതി 25.04.2023 | 16 | 2-9,3-4,3-12 മുതൽ 3-21 ,3-22, വരെ 3-25, 3-36 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി4/ 1129/ 2021(15) തീയതി 25.04.2023 | 14 | 2-2,2-4,2-5,3-3, 3-4,3-6,3-8,3-9, 3-10,3-12,3-13,3-14, 3-15,3-16 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി4/ 1129/ 2021(16) തീയതി 25.04.2023 | 12 | 2-1,2-3,2-4,2-10, 3-3,3-5,3-6മുതൽ 3-10വരെ,3-14 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി4/ 1129/ 2021(17) തീയതി 25.04.2023 | | 1-4,1-5,1-7മുതൽ 1-16 വരെ, 1-18, 1-19,1-21, 1-22 മുതൽ 1-25 വരെ, 1-28, 1-31, 1-32, 1-35,1-36, 1-37,1-38 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി./ പി4 /522/2022 തീയതി 25.05.2023 | 18 | 1-1 ,1-2-1,1-4,1-5, 1-6,1-7,1-8,1-9,1-10, 1-11,1-12,1-13,1-14,1-15, 1-22,1-23,1-24,1-25, 1-26,4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി./പി4 / 997/2022 തീയതി 26.05.2013 | 26 | 1-1 , 1-2-1, 1-4, 1-7-1, 1-9, 1-19 മുതൽ 1-21 വരെ , 1-23 മുതൽ 1-26 വരെ |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി./പി4 / 751/2023 തീയതി 20.05.2023 | 23 | 1-1, 1-2-1, 1-4, 1-5, 1-6, 1-9, 1-11 മുതൽ 1-28 വരെ |
| 2022-23 | കെ.എസ്.എ.കെ.കെ.ഡി./പി4 / 1428/2023 തീയതി 13.05.2024 | 34 | 1-1, 1-1-1 മുതൽ 1-1-9 വരെ, 1-4, 1-5, 1-6, 1-8 |

| | | | |
|---|---|---|---|
| | | | മുതൽ 1-27 വരെ, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/2024 dated 14-05-2024 and submitted on 15-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Vanimel Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Vanimel Grama Panchayat as on 31-03-2024

Date: 04/12/2024

Deputy Director
District Office Kozhikode
Kerala State Audit Department

**Audit Report appended to the Audit Certificate of Vanimel Grama Panchayat for the Year 2023-2024 .**

**1.Major Observations**

Non Disclosure of Assets .

**2.Other Observations**

1.Cash flow statement. Net Increase /Decrese in Cash flow does not match with the difference between the opening balance and closing balance of cash and cash equivalents .

2.Stale cheques exceeding the time were not booked as Receipts.

3.Part bill payment Details are not properly booked.

4.Stock Register (Stores) is not reliable for Audit.

5.Deposit Register does not match with financial statement.

6.All bank Account Details are not included in A.F.S.

7.Directly debited by bank further action not taken.

8.Payment Voucher Misclassification.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്